"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - അഗ്രോ സർവ്വീസ് സെന്റേഴ്സ് ആൻഡ് സർവ്വീസ് ഡെലിവറി പദ്ധതിയിൻ കീഴിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന ഡ്രൈവർ കം ഓഫീസ് അറ്റന്റർമാരുടെ സേവന കാലാവധി ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.317/2024/AGRI തീയതി,തിരുവനന്തപുരം, 30-03-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.1123/2022/കൃഷി തീയതി 19.12.2022
2. സ.ഉ(സാധാ)നം.656/2023/കൃഷി തീയതി 05.07.2023.
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 06.02.2024 - ലെ ADFW/7046/2023-TG1 നമ്പർ കത്ത്.

**ഉത്തരവ്**

അഗ്രോ സർവ്വീസ് സെന്റേഴ്സ് ആൻഡ് സർവ്വീസ് ഡെലിവറി പദ്ധതിയിൻ കീഴിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീ.പ്രദീപ്.എസ്, ശ്രീ.ബിനു.ടി, ശ്രീ.റ്റി.സതീഷ്, ശ്രീ.അസിമുദ്ദീൻ, ശ്രീ.വള്ളിനായകം പിള്ള, ശ്രീ.സുരേഷ് കുമാർ.എസ് എന്നീ ആറ് ഡ്രൈവർ കം ഓഫീസ് അറ്റന്റർമാരുടെ സേവന കാലാവധി 01.04.2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (2) പ്രകാരം 6 ഡ്രൈവർ കം ഓഫീസ് അറ്റന്റർമാരെ 2024 മാർച്ച് 31 വരെ സർവ്വീസിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാർ ഇപ്പോഴും കൃഷി ഡയറക്ടറേറ്റിൽ കരാർ അടിസ്ഥാനത്തിൽ ഡ്രൈവർ കം ഓഫീസ് അറ്റന്റർമാരായി സേവനത്തിൽ തുടരുന്നുവെന്നും, ഇവരുടെ സേവന കാലാവധി 2024 മാർച്ച് മാസം 31 തീയതിയിൽ അവസാനിക്കുന്നതാണെന്നും 2024-25 സാമ്പത്തിക വർഷവും ഇവരുടെ സേവനം കൃഷി ഡയറക്ടറേറ്റിൽ ആവശ്യമായതിനാൽ 2024 മാർച്ച് മാസം 31 തീയതിയിൽ ഇവരുടെ നിലവിലുള്ള സേവന കാലാവധി കഴിയുന്ന മുറയ്ക്ക് ഒരു പ്രവർത്തി ദിവസത്തെ ഇടവേള നൽകിക്കൊണ്ട് 2025 മാർച്ച് 31 വരെ ഈ 6 ഡ്രൈവർ കം ഓഫീസ് അറ്റന്റർമാരെയും കരാർ അടിസ്ഥാനത്തിൽ പുനർ നിയമിക്കുന്നതിനുള്ള അനുമതി ഉത്തരവുണ്ടാകണമെന്നും പരാമർശം (3) കത്ത് പ്രകാരം കൃഷി ഡയറക്ടർ സർക്കാരിനോട് അപേക്ഷിച്ചിരുന്നു

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി ജീവനക്കാരെ 11 മാസത്തേയ്ക്ക് നിയമിച്ച പരമാർശം (2) പ്രകാരമുള്ള ഉത്തരവിൽ, പദ്ധതി നിർവ്വഹണത്തിന് ഡ്രൈവർ കം ഓഫീസ് അറ്റന്റർമാരെ ആവശ്യമുള്ള പക്ഷം പുതുതായി കരാർ ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ (മുൻതൂക്കം നൽകേണ്ടതാണ്) സുതാര്യമായ നടപടി ക്രമങ്ങളിലൂടെയോ അത്യാവശ്യം വേണ്ടുന്ന ജീവനക്കാരെ മാത്രം ഫണ്ട് ലഭ്യതയ്ക്കു വിധേയമായി പുതുതായി നിയമിക്കേണ്ടതാണെന്നു നിർദ്ദേശിച്ചിരുന്നെങ്കിലും ടി നിർദ്ദേശം അവഗണിച്ചു പഴയ ജീവനക്കാരെ നിലനിർത്തുന്നതിനുള്ള ശിപാർശയാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത് എന്നത്

സർക്കാർ ഗൗരവമായി കാണുന്നു. എങ്കിലും, പുതിയ നിയമനത്തിനുള്ള കാലതാമസം അഗ്രോ സർവ്വീസ് സെന്റേഴ്സ് ആൻഡ് സർവ്വീസ് ഡെലിവറി പദ്ധതിയുടെ പ്രവർത്തനങ്ങളെ ബാധിക്കാനിടയുള്ളതു കൊണ്ട് ഇപ്പോൾ തുടരുന്ന മേൽ പറഞ്ഞ 6 ജീവനക്കാർക്ക് ഒരു ദിവസത്തെ ഇടവേള നൽകി 179 ദിവസത്തേക്ക് മാത്രം നിയമനം ദിവസവേതന അടിസ്ഥാനത്തിൽ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. അതോടൊപ്പം 24.03.2019 ലെ No.LBRD/G2/1/2019/LBRD നമ്പർ സർക്കുലറിൽ സർക്കാർ കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്ചേഞ്ച് വഴി മാത്രം നടത്തേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ഇവരുടെ കാലാവധി തീരുന്ന മുറയ്ക്ക് ടി ജീവനക്കാരെ പിരിച്ചു വിട്ടു കൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം സമയ ബന്ധിതമായി നടപ്പാക്കുന്നതിലേക്ക് മുൻകൂട്ടി നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ നടപടി കൈക്കൊള്ളേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെസ്സി ജോർജ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(കൃഷി-എ2/44/2024/ധന തീയതി 21.03.2024. - 2722230)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ